59667/T1/11/Rd

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6924 — 02/11/2011 ന് മറുപടിയ്ക്ക്

## ചേർത്തല താലൂക്കാഫീസിലെ സ്ഥലംമാറ്റ ഉത്തരവ്

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേർത്തല താലൂക്ക് ഓഫീസിൽ നിന്നും 20.05.2011-ലെ A1.300/11 നമ്പരായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റപ്പെട്ട വില്ലേജ്മാൻമാർ ഏതെങ്കിലും ശിക്ഷണനടപടിയുടെ ഭാഗമായി മാറ്റപ്പെട്ടിട്ടുള്ളതാണോ എന്നു വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിലൂടെ ഒരേ ഓഫീസിലെ ഒരേ തസ്തികയിൽപ്പെട്ട ജീവനക്കാർ മുഴുവനായും മാറ്റപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മാറ്റപ്പെട്ട ജീവനക്കാർ പ്രസ്തുത ഓഫീസുകളിൽ എത്രമാസമായി ജോലി ചെയ്യുന്നവരാണെന്നു പറയാമോ; | (എ) | A1.300/11 നമ്പരായി 20.05.2011-ൽ ചേർത്തല താലൂക്കാഫീസിൽ നിന്നും സ്ഥലംമാറ്റ ഉത്തരവ് ഇറക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവിലൂടെ സ്ഥലം മാറ്റപ്പെട്ടവരേക്കാൾ കൂടുതൽ കാലമായി താലൂക്ക് എസ്റ്റാബ്ലിഷ്മെന്റിനു കീഴിലെ വിവിധ വില്ലേജ് ഓഫീസുകളിൽ ജോലി ചെയ്യുന്നവർ ഉണ്ടോ എന്നു വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഭരണസൗകര്യത്തിനായി ഒരേ തസ്തികയിലുള്ള മുഴുവൻ ജീവനക്കാരേയും ഒരേ സമയം മാറ്റുന്നതിലൂടെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ? | (സി) | പരിശോധിച്ചിട്ടുള്ളതാണ്. ജീവനക്കാരുടെ സ്ഥലംമാറ്റം മൂലം പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ